/30675/2023

"ഭരണഭാഷ - മാതൃഭാഷ"

E/31180/MZ/103/2023-F

മ്യൂസിയം മൃഗശാല വകുപ്പ്,
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയ്യതി:-13-11-2023

# ഇ ടെൻഡർ നോട്ടീസ്

മ്യൂസിയം മൃഗശാല വകുപ്പിലെ മ്യൂസിയം വളപ്പിലെ അപ്പർ ഗാർഡൻ പരിസരം മൃഗശാല മൃഗശാല ഓഫീസ് ,ടിക്കറ്റ് കൗണ്ടർ എന്നിവിടങ്ങളിലെ പരിസരത്തു ഉണ്ടാകുന്ന ഖര ജൈവമാലിന്യങ്ങൾ ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെ ദിനംപ്രതി ശേഖരിച്ചുപുറത്തേക്കുകൊണ്ടുപോകുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരിൽ നിന്നും ഇ ടെൻഡർ ക്ഷണിക്കുന്നു.മാലിന്യം ശേഖരിച്ചു നീക്കം ചെയ്യുന്നതിനുള്ള കാലാവധി..2024. ജനുവരി ഒന്ന് മുതൽ 2024 ഡിസംബർ 31 വരെയാണ് എന്നാൽ .31.12.2024 ന് മുൻപായി കരാറുകാരന്റെ സേവനം വകുപ്പിന് ആവശ്യമില്ലാത്ത പക്ഷം കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇ ടെൻഡർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 19.12.2023ന് 3:00PM വരെയായിരിക്കും ടെൻഡറുകൾ ...21.12.2023. രാവിലെ 11 :00 മണിക്ക് മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ടെൻഡർ സമർപ്പിച്ചവരുടെയോ അവർ ചുമതലപെടുത്തുന്നവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതായിരിക്കും.ടെൻഡറിന്റെ അടങ്കൽ തുക ₹12,50,000/- (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപയാണ് അടങ്കൽ തുകയുടെ 2.5 % തുക നിരതദ്രവ്യമായി ഒടുക്കേണ്ടതാണ് ടെൻഡർ ഫാറത്തിന്റെവില5000 രൂപയാണ് നിരതദ്രവ്യതുകയും NEFT Or RTGS ആയി ഓൺലൈൻ മുഖേന ഒടുക്കേണ്ടതാണ്. ടെൻഡർ ഫാറത്തിന്റെവില യാതൊരുകാരണവശാലും മടക്കിനൽകുന്നതല്ല മതിയായ നിരതദ്രവ്യമില്ലാത്ത ടെൻഡർ നിരസിക്കുന്നതാണ്

1. ടെൻഡറിൽ പങ്കെടുക്കുന്നതിന് അടങ്കൽ തുകയുടെ 2.5 % തുകനിരതദ്രവ്യമായി ഒടുക്കേണ്ടതാണ്.
2. ടെൻഡർ ഫാറത്തിന്റെവില₹5000/- രൂപ NEFT Or RTGS ആയി ഓൺലൈൻ മുഖേന മാത്രമേസ്വീകരിക്കുകയുള്ളു മതിയായ നിരതദ്രവ്യമില്ലാത്ത ടെൻഡർ നിരസിക്കുന്നതാണ്.
3. വകുപ്പിലെ സ്വീപ്പർമാർ നിർദ്ധിഷ്ട സ്ഥലങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നമാലിന്യങ്ങളും സെക്ഷൻമേധാവികൾ പ്രത്യേകമായി ചൂണ്ടികാണിക്കുന്നതോ നിർദ്ദേശിക്കുന്നതോ ആയ ഖര/ജൈവമാലിന്യങ്ങൾ ദിനംപ്രതി രണ്ടുനേരം നിർദ്ദേശാനുസരണം നീക്കം ചെയ്യേണ്ടതാണ്.
4. മാലിന്യങ്ങൾ ഓരോ ദിവസം നീക്കം ചെയ്തു കഴിയുമ്പോൾ അതാതു സ്ഥലത്തെ സെക്ഷൻ മേധാവികളെയും നീക്കം ചെയ്തിട്ടുള്ളതാണെന്നു ബോധ്യപ്പെടുത്തേണ്ടതും മേലധികാരികളുടെയും സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.
5. വകുപ്പിൽ നിന്നും ദിനംപ്രതി ശേഖരിക്കുന്ന മാലിന്യങ്ങൾ പുറത്തുകൊണ്ടുപോയി നിക്ഷേപിക്കുന്നതിന്റെ പൂർണ്ണഉത്തരവാദിത്വം ടെൻഡർ ഏറ്റെടുക്കുന്നവർക്കായിരിക്കും.
6. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തി സ്ഥാപനത്തിനു ടെൻഡർ ഉറപ്പിച്ചു നൽകുന്നതും കരാർ ലഭിക്കുന്ന വ്യക്തി സ്ഥാപനം കേരള സ്റ്റാമ്പ് ആക്ട് പ്രകാരം വേണ്ട തുകയ്ക്കുള്ള എഗ്രിമെന്റ് സമർപ്പിക്കേണ്ടതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഡയറക്ടറുടെ പേരിൽ

വെബ് സൈറ്റ്

സമർപ്പിക്കേണ്ടതുമാണ്.

7. സർക്കാർ ടെൻഡറിനുള്ള എല്ലാ നിബന്ധനകളും ഇ ടെൻഡറിനും ബാധകമാകുന്നതാണ്.

8.. ടെൻഡറിനെ കുറിച്ചുള്ള വിവരങ്ങൾ മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടും 04712316275 എന്ന ഫോൺ നമ്പർ മുഖേനയും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ടെൻഡർ തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം

9. ടെൻഡർ നീട്ടിവയ്ക്കുന്നതിനോ നിരസിക്കുന്നതിനുള്ള പൂർണ്ണാധികാരം മ്യൂസിയം മൃഗശാല ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

Signed by S. Abu
DIRECTOR
Date: 13-11-2023 16:46:09
ഡയറക്ടർ